സാഹിത്യവാരഫലം

1992/08/30 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

1992/08/30-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

നിരൂപണത്തിന്റെ അധിത്യക


ഒസിപ് മാൻദീൽസ്തെം

മഹാനായ റഷ്യൻ കവി ഒസിപ് മാൻദീൽസ്തെം ഉജ്ജ്വല പ്രതിഭാശാലിയായ മർസൽ പ്രൂസ്റ്റ് പറഞ്ഞ ഒരു കഥ എവിടെയോ പുനരാവിഷ്കരിച്ചത് എന്റെ ഓർമ്മയിലുണ്ട്. ദാരിദ്ര്യം അനുഭവിക്കുന്ന ഒരു സ്ത്രീ വീട്ടിലിരുന്നു പാട്ടുകയായിരുന്നു. അതുകേട്ട് ആഹ്ലാദാതിശയത്തോടെ മറ്റു പല സ്ത്രീകളും അവിടെ ഇരിക്കുന്നുണ്ട്. കൈയിലിരുന്ന വീശറി കൊണ്ട് അവർ താളം പിടിക്കുകയാണ്. അപ്പോഴാണ് ഗായികയുടെ ബന്ധുവും ധനികയുമായ ഒരുത്തി അവിടെച്ചെന്നു കയറിയത്. പാട്ടു കേട്ടു രസിച്ച് വിശറി കൊണ്ടു താളം പിടിക്കുന്നവരെപ്പോലെ താനും വിശറിയാൽ താളം പിടിച്ചാൽ തനിക്കെന്തു വ്യത്യസ്തത എന്നായി ആ സ്ത്രീയുടെ വിചാരം. അതുകൊണ്ട് തന്റെ വ്യത്യസ്തത കാണിക്കാനായി അവർ ഗാനത്തിന്റെ താളത്തിനു വിരുദ്ധമായി വിശറി ചലിപ്പിച്ചു. റഷ്യൻ സാഹിത്യ നിരൂപകർ ഈ ധനികയെപ്പോലെയാണെന്ന് മാൻദിൽസ്തെം എഴുതിയിട്ടുണ്ട്. സാമാന്യചിന്തയ്ക്കു വിരുദ്ധമായി എന്തെങ്കിലും പറയുകയും അധ്യാപകൻ ഉത്തരക്കടലാസ്സിൽ മാർക്കിടുന്നതു പോലെ സാഹിത്യകൃതികൾക്കു മാർക്ക് ഇടുകയുമാണ് ആ നിരൂപകരുടെ ജോലി. കേരളത്തിലുള്ള എല്ലാ നിരൂപകരും പ്രൂസ്റ്റ് അവതരിപ്പിച്ച ധനികയെപ്പോലെയാണ്. ഇങ്ങനെ ക്ലാസ്സ് നിശ്ചയിക്കുകയും ബ്ലാക്ക് ബോർഡിൽ എഴുതി കാണിച്ചു പഠിപ്പിക്കുകയും ചെയ്യുന്ന നിരൂപകന്മാരായ അധ്യാപകരിൽ നിന്ന് അനേകം പ്രകാശ വർഷങ്ങൾക്ക് അപ്പുറത്തായി നില്ക്കുന്ന നോബൽ സമ്മാനം നേടിയ മെക്സിക്കൻ മഹാകവിയും നിരൂപകനുമായ ഒക്താവ്യാ പാസ്. അദ്ദേഹത്തിന്റെ “On Poets and Others” എന്ന നിരൂപണ ഗ്രന്ഥം ഇതിനു നിദർശകമാണ്. ഇപ്പുസ്തകം ഞാൻ ഇപ്പോൾ വായിച്ചു തീർത്തു താഴെ വച്ചതേയുള്ളു. അതു ജനിപ്പിച്ച ഉദാത്തതയിൽ വിലയം കൊണ്ട് ഞാനിതു കുറിക്കുന്നു. ധിഷണയുടെ അധിത്യകയിൽ എത്തിയ ഈ നിരൂപണം സാധാരണക്കാരുടെ വിശറി വീശലിനൊപ്പിച്ച് താളം പിടിക്കുകയല്ല. അവരിൽ നിന്നു വ്യത്യസ്തത പുലർത്താനായി താളഭ്രംശം വരുത്തുകയുമല്ല. ഗാനത്തിന്റെ യഥാർത്ഥമായ താളത്തിനൊത്ത് താളം പിടിച്ച് അതിനു സാന്ദ്രത നൽകി, ആ താളത്തിലൂടെ സത്യത്തിന്റെ ലോകത്തിൽ എത്തിക്കുകയാണ് അദ്ദേഹം അനുവാചകരെ. പാസ് മൗലികതയോടെ കലാസൃഷ്ടികളുടെ ആന്തരസത്യം സ്പഷ്ടമാക്കിത്തരികയാണ്. ഓരോ വാക്യത്തിലും ആശയരത്നങ്ങൾ. അവയുടെ കാന്തി കൊണ്ടു വായനക്കാരന്റെ കണ്ണഞ്ചിപ്പോകുന്നു.


ഒക്താവ്യാ പാസ്

റോബർട് ഫ്രോസ്റ്റ്, വാൾട് വിറ്റ്മാൻ, ബോദലെർ, ആന്ദ്രേ ബ്രെതോങ് (Andre Breton), മീഷോ (Michaux), ദസ്തെയെവ്സ്കി, സൊൾഷെനിറ്റ്സിൻ, ഒർടേഗ ഇ ഗാസറ്റ്, ലൂയിസ് ബ്യൂന്യുയിൽ (Luis Bunuel), ഹൊർഹേ ഗീല്യേൻ (Jorge Guillen), ലൂയിസ് തേർനുദാ (Luis Cernuda) ഇവരെക്കുറിച്ചെല്ലാമാണ് പാസ് എഴുതുന്നത്. ഓരോ പ്രബന്ധവും നിസ്തുലമെന്നേ പറയേണ്ടൂ.

നൈരാശ്യത്തിന്റെ ഒരു നിമിഷത്തിൽ സാർത്ര് പറഞ്ഞു നരകം മറ്റുള്ളവരാണെന്ന്. (Hell is other people). ഭീതിദമായ പ്രസ്താവമാണിതെന്നു പാസ്. കാരണം മറ്റുള്ളവർ—അന്യർ—നമ്മുടെ ചക്രവാളമാണ് എന്നതാണ്. യഥാർത്ഥത്തിൽ സ്വാതന്ത്ര്യം മറ്റുള്ളവരാണ് (Liberty is other people) എന്നത്രേ പാസ്സിന്റെ മതം. മിൽട്ടന്റെ

> The world was all before them, where to choose
> Their place of rest, and Providence their guide.
> They hand in hand, with wandering steps and slow
> Through Eden took their solitary way.

എന്ന വരികൾ വായിച്ചപ്പോഴാണ് പാസ് Liberty is other people എന്ന് ഉദ്ഘോഷിച്ചത്.

സാർത്ര് ദാർശനിക ഗ്രന്ഥങ്ങൾ, ദാർശനിക പ്രബന്ധങ്ങൾ, നിരൂപണങ്ങൾ, നോവലുകൾ, കഥകൾ, നാടകങ്ങൾ ഇവ എഴുതി. അതിസമൃദ്ധി മേധയുടെ ലക്ഷണമല്ല. കലാകാരന്റെ സിദ്ധികൾ ഇല്ലായിരുന്നു സാർത്രിന്. വാദമുഖങ്ങൾ ചുറ്റികകൊണ്ട് അടിച്ചേല്പിക്കുകയായിരുന്നു അദ്ദേഹം. നോവലിസ്റ്റിന്റെ ശക്തി സാർത്രിന് ഇല്ലായിരുന്നു എന്നതും സത്യം. ലോകങ്ങൾ, അന്തരീക്ഷങ്ങൾ, കഥാപാത്രങ്ങൾ ഇവ സൃഷ്ടിക്കാൻ കഴിയാത്ത എഴുത്തുകാരൻ മനുഷ്യരെക്കുറിച്ച് പറഞ്ഞു പറഞ്ഞ് അവരെ കേവല സങ്കല്പങ്ങളും ആശയങ്ങളുമാക്കി മാറ്റാനായിരുന്നു സാർത്രിന്റെ കൗതുകം.

Nadajda Mandelstam

സാർത്രിന്റെ ആശയപ്രപഞ്ചത്തോടോ കലാവൈദഗ്ദ്ധ്യത്തോടോ അത്ര കണ്ടു യോജിക്കാത്ത പാസ്, സൊൾഷെനിറ്റ്സിന്റെ കാര്യം പറയുമ്പോൾ ഏറ്റവും ആർദ്രമായി മാറുന്നു. സ്റ്റാലിനിസത്തിന്റെയും നാത്സിസത്തിന്റെയും ഘടനയെ സംബന്ധിച്ച സാദൃശ്യങ്ങൾ അനാദൃശ്യമായ രീതിയിൽ എടുത്തു കാണിച്ചിട്ട് പാസ് പറയുന്നു: Very few of us could look at Solzhenitsyn or Nadajda Mandelstam in the eye. That sin has stained us and, fatally, has stained our writings as well. I say this with sadness, and with humility. എന്തൊരു ഔജ്ജ്വല്യം! എന്തൊരു മനുഷ്യസ്നേഹം!

പാസ്സിന്റെ നിരൂപണങ്ങളുടെ വൈശിഷ്ട്യം വ്യക്തമാക്കണമെങ്കിൽ ‘സാഹിത്യവാരഫലത്തി’ന്റെ അഞ്ചു പുറങ്ങളും വേണം. അതുകൊണ്ട് അദ്ദേഹത്തിന്റെ ചില നിരീക്ഷണങ്ങൾ മാത്രം എടുത്തു കാണിക്കാനേ കഴിയുന്നുള്ളൂ.

1. “He (Dostoevski) does not tell us what happens but he obliges us to go down under ground so that we see what is happening really he obliges us to see ourselves. Dostoevski is our contemporary because he guessed what the dramas and conflicts of our age would be.”
2. His (Jose Ortega Y Gasset’s) lucidity contrasts with the blindness of so many of our prophets.
3. “Because, despite being an excellent poet, or more accurately, because he was one—Cernuda is one of the very few moralists Spain has given us, in the sense in which Nietzsche is the great moralist of modern Europe…”
4. Tomlinson (poet) can isolate the object, observe it, loup suddenly inside it, and, before it dissolves, take the snapshot. ഈ ഗ്രന്ഥം വെറും നിരൂപണമല്ല. സാഹിത്യകൃതികളുടെ ആന്തരതത്വത്തിലേയ്ക്കു കടന്നിട്ട് അവയുടെ ഭാഷയിൽത്തന്നെ നമ്മളോടു സംസാരിക്കുകയാണ് പാസ്. “ഐഡിയോളജി ആശയങ്ങളെ മുഖാവരണങ്ങളായി മാറ്റുന്നു. അവ ധരിക്കുന്ന ആളിനെ അവ മറയ്ക്കുന്നു. അതേ സമയം സത്യം കാണുന്നതിൽ നിന്ന് ആ മുഖാവരണങ്ങൾ അയാൾക്ക് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു” എന്നു പാസ് തന്നെ പറഞ്ഞിട്ടുണ്ട്. ഐഡിയോളജിയുടെ മുഖാവരണങ്ങൾ ധരിക്കാതെ സത്യം ദർശിക്കുന്ന പ്രതിഭാശാലിയെ കാണണമെങ്കിൽ ഈ ഗ്രന്ഥം വായിക്കണം.

ചോദ്യം, ഉത്തരം

ചോദ്യം: ഒരു ക്ഷണക്കത്തിൽ ഇങ്ങനെ കണ്ടു: ‘ഡോ. എം. ലീലാവതി, ലളിതാംബിക അന്തർജ്ജനം. സ്ത്രീകളുടെ കാഥിക.’ ഇതിലെ ‘കാഥിക’ ശരിയായ പ്രയോഗമാണോ?

ഉത്തരം: ശരിയായ പ്രയോഗമല്ല. കാഥിക എന്ന വാക്കിന്റെ അർത്ഥം കഥ പറയുന്നവൾ എന്നാണ്. കഥ രചിക്കുന്നവൾ, ചമയ്ക്കുന്നവൾ കഥാകാരി. കാരശബ്ദത്തിന് ഉണ്ടാക്കുക, പ്രവർത്തിക്കുക എന്നൊക്കെ അർത്ഥം. കുംഭകാരൻ, സുവർണ്ണകാരൻ എന്ന ഉദാഹരണങ്ങൾ. അതുപോലെ കഥ നിർമ്മിക്കുന്നവൻ കഥാകാരൻ കാരശബ്ദത്തിന്റെ സ്ത്രീലിംഗം കാരി എന്ന്. ലളിതാംബിക ‘കഥാപ്രസംഗ’ത്തിനു പോയിട്ടില്ലാത്തതു കൊണ്ട് അവരെ കാഥിക എന്നു വിളിച്ചു കൂടാ.

ചോദ്യം: സുന്ദരിയായ ഭാര്യയോട് ഒത്തിച്ച് ഭർത്താവ് വന്നാൽ പുരുഷൻ ആരോടായിരിക്കും അധികം സംസാരിക്കുക?

ഉത്തരം: അതു പുരുഷന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. അയാൾക്കു കാമം കൂടുതലായി അപ്പോൾ ഉണ്ടായെങ്കിൽ സ്ത്രീയുടെ മുഖത്തു നോക്കാതെ അവരുടെ ഭർത്താവിനോടു മാത്രം സംസാരിക്കും.

ചോദ്യം: മുണ്ടശ്ശേരിയുടെയും കുട്ടികൃഷ്ണമാരാരുടെയും ഭാഷാ ശൈലികളെ നിങ്ങൾ എങ്ങനെ കാണുന്നു?

ഉത്തരം: മുണ്ടശ്ശേരിയുടെ ശൈലി പ്രഭാഷണാത്മകം. കുട്ടികൃഷ്ണമാരാർക്കു പ്രഭാഷണാത്മകതയേയില്ല. അദ്ദേഹത്തിന്റേതാണ് ഹൃദ്യമായ ശൈലി.

ചോദ്യം: ആത്മാവിന്റെ അടിത്തട്ടു വരെ പിടിച്ചു കുലുക്കുന്ന കവിത മലയാളത്തിൽ ആരുടേത്?

ഉത്തരം: ആരുടേതുമില്ല. ആ അനുഭവമുണ്ടാകണമെങ്കിൽ ജിബ്രാന്റെ കാവ്യങ്ങൾ വായിക്കണം.

ചോദ്യം: മലയാളം മലയാളമായിത്തന്നെ എഴുതുന്ന ചിലരുടെ പേരുകൾ പറയു.

ഉത്തരം: സി. വി. കുഞ്ഞുരാമൻ, ഈ. വി. കൃഷ്ണപിള്ള, സഞ്ജയൻ (എം. ആർ. നായർ), കുട്ടികൃഷ്ണമാരാർ, എസ്. ഗുപ്തൻ നായർ, ഇവർ ശൈലീവല്ലഭന്മാരാണ്.

ചോദ്യം: ഞാൻ അങ്ങോട്ടു വരുന്നുണ്ടോ നിന്നെ അന്വേഷിച്ച്. കേട്ടോടാ.

ഉത്തരം: വേണ്ട. ഞാൻ ‘സെൽഫ് ഷേവ്’ നടത്തുന്നവനാണ്.

ചോദ്യം: ടാഗോർ, ജിബ്രാൻ ഇവരിൽ ആരാണ് വലിയ കവി?

ഉത്തരം: ഉത്തരം പറയാൻ വൈഷമ്യമുണ്ട്. റ്റാഗോറിനു വ്യാപ്തി കൂടും. ജിബ്രാന് തീക്ഷ്ണത കൂടും. രണ്ടു പേരുടെയും കവിത decorative ആണ്.

സ്വർണ്ണശലാക

ശ്രീ. സി. വി. ബാലകൃഷ്ണൻ മറുപടിയെഴുതിയ (മലയാള മനോരമയിൽ) ഡോക്ടർ രാജശേഖരൻ വൃദ്ധന്റെ ചിന്തകളാണ് അദ്ദേഹത്തിന്നെന്ന് അഭിപ്രായപ്പെട്ടതായി എനിക്കോർമ്മയുണ്ട്. പഴയതിനെ തേടിപ്പോകുന്നവരാണ് വൃദ്ധന്മാർ എന്നായിരുന്നു രാജശേഖരന്റെ വാദം. സി. വി. ബാലകൃഷ്ണൻ വൃദ്ധനല്ലെന്നു രാജശേഖരന് അറിയാം. മറ്റാരെയോ ലക്ഷ്യമാക്കിയാണ് അദ്ദേഹം അങ്ങനെയൊരു ‘കാച്ച് കാച്ചിയത്’. അതിൽ സത്യമില്ലാതില്ല താനും. കലാസ്വാദനത്തിൽ പ്രായം ഒരു ഘടകമാണ്. ബാല്യ കാലത്തും യൗവന കാലത്തും ചങ്ങമ്പുഴക്കവിത രസിച്ചതു പോലെ എനിക്കിന്നതു രസിക്കുന്നില്ല. ഹൃദയത്തിനും മനസ്സിനും പരിപാകം വരുമ്പോൾ ഗഹനമായതു് അന്വേഷിക്കാനുള്ള പ്രവണതയുണ്ടാകും ആളുകൾക്ക്. അപ്പോൾ പ്രായം കൂടിയവർ “നളചരിതം” ആകും കൈയിലെടുക്കുക. അതു മാത്രമല്ല; സമകാലിക സാഹിത്യം വിരൂപമാണ്. വൈരൂപ്യം സഹൃദയനായ വൃദ്ധന് അസ്വസ്ഥത ജനിപ്പിക്കുമ്പോൾ അയാൾ പൂർവകാല സൗഭാഗ്യങ്ങൾ തേടിപ്പോകുന്നതു സ്വാഭാവികം. അങ്ങനെ പൂർവകാലത്തേക്കു പ്രയാണം ചെയ്യുമ്പോൾ എല്ലാം രമണീയമായി തോന്നണമെന്നുമില്ല. ഉദാഹരണം നമ്മുടെ പ്രചാരണാത്മക സാഹിത്യം തന്നെ. രാജവാഴ്ചയുണ്ടായിരുന്ന കാലത്ത് തൊഴിലാളികളെ മർദ്ദിക്കുന്നതും അവരെ ചൂഷണം ചെയ്യുന്നതും കണ്ട് ലോലഹൃദയമുള്ള കഥാകാരന്മാരും കവികളും ആ നൃശംസതയുടെ നേർക്കു തൂലികയല്ല പടവാളാണ് എടുത്തു പെരുമാറിയത് (ഈ ക്ലീഷേക്ക് മാപ്പ്). അവിടെ കലയുടെ ചിലങ്കയൊലിയല്ല കേട്ടത്; അറവുകത്തിയുടെ പതനശബ്ദമാണ്. അതു കാണുന്ന ഇന്നത്തെ പ്രായം കൂടിയവൻ ആ രംഗത്തു നിന്നു പറപറക്കുകയും കെ. സുകുമാരന്റെയും (മലബാരി) ഈ. വി. കൃഷ്ണപിള്ളയുടെയും ചെറുകഥകളിൽ ശരണം തേടുകയും ചെയ്യും. പൂർവ്വകാലത്തേക്കു പോകാൻ താല്പര്യമുണ്ടെങ്കിലും സാഹിത്യപ്രസ്ഥാനങ്ങളിൽ സ്ഥൂലീകരണം കണ്ടാൽ പോകുന്നവർ അവിടെനിന്നു പിന്തിരിഞ്ഞു കളയും. എന്റെ ചെറുപ്പകാലത്ത് എന്തൊരു ഉത്സാഹത്തോടെയാണ് ഞാൻ “മങ്കത്തയ്യിനെ മഞ്ഞവാക്കുകൾ പറഞ്ഞാട്ടൊട്ടു ട്ടപ്പിച്ചു ഞാൻ” എന്നു തുടങ്ങുന്ന ‘വിലാസലതിക’യിലെ ശ്ലോകവും “കോമളപ്പോർമുലപ്പൊൻകുടങ്ങൾ കോരിത്തരിക്കെ നീയെന്തു ചെയ്യും” എന്ന ചങ്ങമ്പുഴക്കവിതയും ചൊല്ലിക്കൊണ്ടു നടന്നത്. ഇന്ന് അവ കേട്ടാൽ എനിക്ക് ഓക്കാനമുണ്ടാകും. റൊമാന്റിസിസത്തിന്റെയും അതിന്റെ ഒരു ഭാഗമായ കാമോത്സുകതയുടെയും സ്ഥൂലീകരണം വളരെ നാൾ നിൽക്കില്ല. അതു ക്രമേണ കറഞ്ഞു വരും. കറഞ്ഞു കറഞ്ഞു നേർത്ത സ്വർണ്ണശലാകയെപ്പോലാവും. ആ മാറ്റം ശ്രീമതി. വിമലാ മേനോൻ കലാകൗമുദിയിൽ എഴുതിയ “മധുരം മധുരതരം” എന്ന കാവ്യത്തിലുണ്ട്. ഒരു പുരാണകഥയെ സൂചിപ്പിച്ചു കൊണ്ട് വിമലാ മേനോൻ സ്നേഹത്തെ നേർത്ത സ്വർണ്ണശലാകയായി മാറ്റിയിരിക്കുന്നു.

> തൊട്ടതലോടിട്ടമരില്ലയുടെ
> പൊട്ടിവിടർന്നൊരു പുതുനാമ്പിലയും
> കെട്ടിപ്പിണയും കിളിമരമൊന്നും
> ചെറുമനസ്സിൽ നിനച്ചേ പോക.
> പൂജാമലരുകളൊക്കെയൊരുക്കി
> യാഗാഗ്നിക്കിയരികേയാൻ നിൽക്കും
> താതൻ കണ്വനൊടൊന്നവിടുന്ന
> ഞാദരവോടെ പറഞ്ഞേ പോക.

എന്ന വരികളിൽ ആ സ്നേഹം നെയ്യ്ത്തിരിയിലെ ദീപം പോലെ കത്തുന്നു. വിമർശനത്തിന്റെ കാറ്റടിച്ചാൽ അതു ചാഞ്ഞോ ചരിഞ്ഞോ പോകും എങ്കിലും പൊലിഞ്ഞുപോകില്ല.

സംഭവങ്ങൾ

1. ഞാൻ ഇന്ത്യൻ കോഫി ഹൗസിലിരുന്ന് വെജിറ്റബിൾ കട്‌ലറ്റ് മൂർച്ചയില്ലാത്ത കത്തി കൊണ്ട്, മുറിക്കുകയായിരുന്നു. ഇടതു കൈയിൽ മൂർച്ചയില്ലാത്ത ഫോർക്കും. അപ്പോഴാണ് ദൂരെയിരുന്ന ഒരു നിരൂപകൻ മൂർച്ചയുള്ള വീക്ഷണശരങ്ങൾ എന്റെ നേർക്കെറിഞ്ഞത്. ഞാൻ കത്തിയിലേക്കും ഫോർക്കിലേക്കും ഒന്നു നോക്കി. രണ്ടിനും വാളിന്റെ വായ്ത്തല പോലെ മൂർച്ചയുണ്ടായി. അവയ്ക്കു വന്ന ആ മാറ്റം കണ്ട് നിരൂപകൻ നോട്ടം പിൻവലിച്ചു.
2. കതിരപ്പട്ടാളക്കാരൻ റോഡിലൂടെ പോകുന്നു. തടിച്ച കുതിര. അയാൾ ഒരടി കിളരുന്നു. ഒരടി താഴുന്നു. എങ്കിലും ആകെ ഒരു ചന്തം. കതിരയുടെ കുളമ്പു വീഴുന്ന ശബ്ദം ശ്രവ്യാത്മകം. ടക്, ടക്, ടക്. അക്ഷര സംഖ്യ ഒരേ തരത്തിൽ ആവർത്തിച്ച് ബാഹ്യമായ താളം (ആന്തരലയമല്ല) ഉണ്ടാക്കുന്ന ഒരു കവിയുടെ കാവ്യങ്ങൾ ഞാൻ ഓർമ്മിച്ചു.
3. ധിഷണാശാലിയെങ്കിലും സാമ്പത്തികമായി ഉയർച്ച നേടാത്ത ഒരാൾ ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയുടെ ചെയർമാനായിരുന്ന മഹാകവിയെ സമീപിച്ച് ‘എന്റെ പുസ്തകം ടെക്സ്റ്റാക്കിത്തരണം’ എന്ന് അപേക്ഷിച്ചു. അദ്ദേഹം പരുക്കൻ ഭാഷയിൽ നിഷേധാത്മകമായി മറുപടി നൽകി. ധിഷണാശാലി ഉടനെ പറഞ്ഞു: ‘ഒരേലി വിചാരിച്ചാൽ താജ്മഹലിനെ മറിച്ചിടാം സ്വാമീ’. ആ ധിഷണാശാലി ഇതിന്റെ പേരിലുണ്ടായ വിരോധം മരണം വരെ വച്ചുപുലർത്തിയിരുന്നു. ഒരിക്കൽ ഞാൻ കൂടിയിരുന്ന ഒരു സദസ്സിൽ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു: ‘പ്രതിധ്വനിപ്പിച്ചു, പ്രതിബിംബിച്ചു എന്നൊക്കെ കവിയെഴുതിയത് ദുശ്ശ്രവമല്ലേ സാർ?’ ധിഷണാശാലി മറുപടി പറഞ്ഞു: ‘അത് ആ കവിയോടു തന്നെ ചോദിക്കണം. ചോദിക്കണമെങ്കിൽ നിങ്ങൾ നരകം വരെ പോകേണ്ടതായി വരും. കവിത എഴുതിയതിന്റെ പേരിൽ ആ കവി അവിടെ കിടക്കുകയാണ്.’
4. ഒരു മഹാപണ്ഡിതൻ എന്നോടു പറഞ്ഞു: ‘അനുപമകൃപാനിധിയഖിലബാന്ധവൻ ശാക്യജിനദേവൻ’ എന്നെഴുതിയതു ശരിയല്ല. കൃപാനിധി എന്നു പറഞ്ഞാൽ എല്ലാമായി. അതുകൊണ്ട് അനുപമ എന്ന പദം വേണ്ട. കൃപാനിധി അഖിലബാന്ധവനായതു കൊണ്ട് അതും വേണ്ട. ‘ശാക്യമുനിയും ജിനദേവനും രണ്ടു വ്യക്തികളായതു കൊണ്ട് ഒരു വ്യക്തിയായി കാണിച്ചതു തെറ്റ്. മഹാപണ്ഡിതൻ ബ്രാഹ്മണനായതു കൊണ്ടു വർഗ്ഗീയവിദ്വേഷം ഇല്ലെന്നു വരുത്താൻ തുടർന്നു പറഞ്ഞു: ‘ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ, പരക്കെ നമ്മെപ്പാലൂട്ടും പാർവണ ശശിബിംബം’ എന്ന ഭാഗവും ശരിയായില്ല. പ്രേമം ഒറ്റ മതമാണെന്നു പറഞ്ഞാൽ ഉലകിന്നുയിരാം എന്നുകൂടി ചേർക്കേണ്ടതില്ല. പാലൂത്ത് എന്നൊന്നുണ്ടോ? കൊട്ടാരങ്ങളിൽ വെറ്റിലയൂത്ത് എന്നൊക്കെ പറയാറുണ്ട്. അതുപോലെ പാലൂത്ത് എന്ന പ്രയോഗവും ശരിയായില്ല. പാർവണശശി ഊട്ടുന്നുവെന്നു പറഞ്ഞാൽ തെറ്റില്ല. പാർവണശശിബിംബം എന്നു പറയുമ്പോൾ ഭാജനത്വം വന്നു പോയി. അപ്പോൾ ഊട്ടുക എന്ന പ്രയോഗത്തിനു ‘സാധുതയില്ലാതാവുന്നു’. ഞാൻ മിണ്ടാതിരുന്നപ്പോൾ അദ്ദേഹം അറിയിച്ചു: കവിതയെ ഇങ്ങനെ അപഗ്രഥിക്കേണ്ടതുണ്ടോ എന്നാവാം കൃഷ്ണൻ നായർ വിചാരിക്കുന്നത്. ഇങ്ങനെ അപഗ്രഥിച്ചാലും കറ്റം പറയാനാവാത്തതാണ് ഉത്കൃഷ്ടമായ കവിത.

നല്ല കവിത

നവീന കഥാകാരന്മാർ ഒരു ഋജുരേഖ വരച്ച് തങ്ങൾ ആഗ്രഹിക്കുന്നതു പോലെ കഥാപാത്രങ്ങളെ അതിലൂടെ നടത്തുന്നു. അവരുടെ വികാരങ്ങളെ സ്ഥൂലീകരിക്കുന്നു. സംഘട്ടനങ്ങളുണ്ടെങ്കിൽ അവയെയും ബൃഹദാകാരത്തിൽ എത്തിക്കുന്നു. അതോടെ സ്വാഭാവികതയാകെ തകരും. അങ്ങനെയാണ് കഥ willed performance ആയിത്തീരുന്നത്. ഈ ദോഷമൊന്നും എൻ. രാജന്റെ ‘നാരങ്ങാമിഠായികൾ’ എന്ന ചെറുകഥയിലില്ല (മാതൃഭൂമി ആഴ്ചപ്പതിപ്പ്). ജാനു ഏടത്തി, മാലതി അനുജത്തി. മാലതി നേരത്തേ ലോകം വിട്ടുപോയി. ജീവിച്ചിരുന്ന കാലത്ത് അവർ ചിലപ്പോഴൊക്കെ ജാനുവിനെച്ചെന്നു കാണുമായിരുന്നു. മാലതി മരിച്ചതിനു ശേഷം അവരുടെ മകൻ ഏടത്തിയമ്മയെ (വല്യമ്മയെ) കാണാൻ പോകാതെയായി. അയാളുടെ അമ്മ സ്വപ്നത്തിൽ ആവിർഭവിച്ച് ഏടത്തിയെ കാണണമെന്ന് അയാളോടു നിർദ്ദേശിച്ചു. അയാൾ അതനുസരിച്ച് വീട്ടിലേക്കു പോകുന്നതിനിടയ്ക്കു കഥാകാരൻ ഗതാവലോകന കലാസങ്കേതമുപയോഗിച്ച് ഏടത്തിയുടെ യൗവനകാല ജീവിതം ഹൃദ്യമായി ആവിഷ്കരിക്കുന്നു. അവരുടെ ഭർത്താവ് തെളിഞ്ഞ ചിത്രമായി നമ്മുടെ മുൻപിൽ വരുന്നു. കുഞ്ഞുങ്ങൾക്കു നാരങ്ങാമുട്ടായി കൊണ്ടുകൊടുക്കുന്ന വല്യച്ഛൻ സ്നേഹത്തിന്റെ മൂർത്തിമദ്ഭാവം. ആ ഭൂതകാലചിത്രം മറച്ചിട്ട് കഥാകാരൻ വീണ്ടും മാലതിയുടെ മകനിലേക്കു വരുന്നു. പ്രയാസപ്പെട്ട് അയാൾ ജാനുവിന്റെ (വല്യമ്മയുടെ) വീട്ടിലെത്തിയപ്പോൾ അവിടെ വാടകക്കാർ താമസിക്കുന്നു. വല്യമ്മയെ നോക്കിക്കൊള്ളണമെന്ന കരാറിൽ അവരുടെ മകൻ തന്നെയാണ് വീട് അന്യർക്കു വാടകയ്ക്കു കൊടുത്തത്. ജീവിച്ചിരിക്കെ ശവമായി മാറിയ വല്യമ്മ കട്ടിലിൽ കിടക്കുന്നു. ബോധശൂന്യയായ വല്യമ്മയെ കണ്ടിട്ടു പുറത്തേക്കു പോന്ന അയാൾ വിചാരിച്ചു. അവിടുത്തെ കുട്ടികൾക്ക് നാരങ്ങമുട്ടായി കൊണ്ടുകൊടുക്കാമായിരുന്നുവെന്ന്.

മനുഷ്യജീവിതത്തിന്റെ ട്രാജഡിയും അതിനു കാരണമായ ക്രൂരതയും സ്വാഭാവികമായി ചിത്രീകരിച്ചതിലാണ് ഇക്കഥയുടെ വിജയമിരിക്കുന്നത്. ക്രിയാംശവും സ്വാഭാവികമായി വികസിക്കുന്നു. കഥാകാരൻ വിശദീകരണത്തിനു സന്നദ്ധനാകാതെ, ബലാൽക്കാരമായ ആഖ്യാനം കൊണ്ട് അനുവാചകനെ പീഡിപ്പിക്കാതെ കഥാപുഷ്പം വിടർത്തുന്നു. അദ്ദേഹം അതു വിടർത്തുന്നു എന്ന തോന്നൽ വായനക്കാരന് ഉണ്ടാകുന്നില്ല. അതു തനിയെ വിടരുന്നു എന്ന പ്രതീതി. വല്യമ്മയുടെ അവസ്ഥയിൽ അനുവാചകനു ദുഃഖം. അവരുടെ മക്കളുടെ ക്രൂരതയിൽ അയാൾക്കു വെറുപ്പ്. വാടകയ്ക്കു താമസിക്കുന്നവരുടെ നിസ്സംഗതയിലും കാരുണ്യമില്ലായ്മയിലും അയാൾക്ക് ഇങ്ങനെയൊക്കെയാണ് ലോകം എന്ന തോന്നൽ. നല്ല കഥ എന്നു പറഞ്ഞ് ഞാനിതു നിറുത്തട്ടെ.

നിരീക്ഷണങ്ങൾ

1. പണ്ട് ഞാൻ റ്റെലിവിഷൻ കണ്ടിരുന്ന കാലത്ത് വടക്കേയിന്ത്യയിലെ കവിയരങ്ങുകൾ ശ്രദ്ധിക്കുമായിരുന്നു. പരട്ടക്കവിതകളായിരിക്കും വായിക്കുക. അവയിൽ മുന്നിൽ ‘സൂര്യനുദിച്ചു കിളികൾ പാടി’ എന്നു വന്നാൽ കൂടെയുണ്ടായിരിക്കുന്ന കവികുഞ്ജരന്മാർ വാഹ് വാഹ് എന്നു വിളിക്കും. ‘സൂര്യനുദിച്ചില്ല, കിളികൾ പാടിയില്ല’ എന്നാണ് കാവ്യഭാഗമെങ്കിലും വാഹ് വാഹ് എന്നു കേൾക്കാം. ഇതു ഹിപ്പോക്രസിയോ അജ്ഞതയോ? ആർക്കറിയാം?
2. വലിയ ചിത്രകാരന്മാരുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ കലയുമായി ഒരു ബന്ധവുമില്ലാത്തവർ (വിശേഷിച്ചും സ്ത്രീകൾ) വികാരരഹിതരായി വേഗം നടന്നു പോകുന്നതു ഞാൻ കണ്ടിട്ടുണ്ട്. വീട്ടിലിരിക്കാൻ വയ്യാത്തതുകൊണ്ട് അവർ ചിത്രപ്രദർശനത്തിലേക്കു വലിഞ്ഞു കയറുന്നുവെന്നു മാത്രം ധരിച്ചാൽ മതി. വിദ്യുച്ഛക്തിയുള്ള കമ്പിയിൽ നമ്മൾ ആരെങ്കിലും തൊട്ടാൽ ഷോക്കുണ്ടാകും. ആ കമ്പിയിൽ കാക്ക ഒരല്ലലുമില്ലാതെ ഇരിക്കും. സഹൃദയത്വമില്ലാതെ ചിത്രങ്ങൾ കാണാൻ വരുന്നവർ കാക്കകളാണ്. അവ കണ്ട് പ്രകമ്പനം കൊള്ളുന്നവൻ സഹൃദയനും.
3. ശകുന്തള ആശ്രമത്തിൽ നിന്ന് അധികമായി പുറത്തിറങ്ങി നടന്നിട്ടില്ല. നടന്നപ്പോൾ ജഘനഭാരം കൊണ്ട് വെൺമണലിൽ പെൺമണിയുടെ ചുവടു പതിഞ്ഞു. അതുകണ്ടു രാജാവ് ആഹ്ലാദിച്ചു. ഇടപ്പള്ളി രാഘവൻ പിള്ള അധികമെഴുതിയില്ല. എഴുതിയതു് മലയാള സാഹിത്യത്തിന്റെ വെൺമണലിൽ പാദമുദ്രകൾ പതിപ്പിക്കുകയും ചെയ്തു. സഹൃദയനായ ദുഷ്യന്തനു സന്തോഷം.

വാസുദേവൻ നമ്പൂതിരി

വാസുദേവൻ നമ്പൂതിരി

ജീനിയസ് എന്ന് ഒരു വൈമനസ്യവും കൂടാതെ ഞാൻ വിശേഷിപ്പിക്കുന്ന ശ്രീ. വാസുദേവൻ നമ്പൂതിരിയുടെ ചിത്രങ്ങൾ നോക്കാനുള്ള സമയമായി. അപ്പോൾ ഇതുവരെയും നോക്കിയില്ലെന്നോ? അതേ. നോക്കിയിരുന്നെങ്കിൽ അദ്ദേഹത്തെക്കുറിച്ച് എത്രയെത്ര ലേഖനങ്ങളും ഗ്രന്ഥങ്ങളും വരുമായിരുന്നു. ചിത്രങ്ങൾ നോക്കാനുള്ള സമയമായി എന്നതു മനസ്സിലാക്കി ശ്രീ. രാജൻ തിരുവോത്ത് നോക്കുന്നു. അതിനു തെളിവാണ് ദേശാഭിമാനി വാരികയിൽ അദ്ദേഹമെഴുതിയ ‘വരകളും വാക്കുകളും’ എന്ന ലേഖനം.

ഞാൻ നമ്പൂതിരി കഥകൾക്കു വരയ്ക്കാറുള്ള ചിത്രങ്ങൾ മാത്രമേ കണ്ടിട്ടുള്ളൂ. അദ്ദേഹത്തിന്റെ പെയിന്റിങ്ങുകളോ മ്യൂറൽ ചിത്രങ്ങളോ കണ്ടിട്ടില്ല. കഥകൾക്ക് അദ്ദേഹം വരയ്ക്കുന്ന ‘ഇലസ്ട്രെയ്ഷൻസ്’ മാത്രം ദർശിച്ചുകൊണ്ടാണ് അദ്ദേഹത്തെ ജീനിയസ് എന്ന വിശേഷിപ്പിച്ചത്. സ്ത്രീയുടെ വൈഷയികസൗന്ദര്യത്തെ ആവിഷ്കരിക്കുന്നതിൽ അദ്ദേഹം പ്രഗൽഭനാണെന്നു സമ്മതിച്ചുകൊണ്ടു പറയട്ടെ. ആ പ്രാഗല്ഭ്യം മാത്രമല്ല അദ്ദേഹത്തിന്റെ പ്രതിഭയെ വിളംബരം ചെയ്യുന്നത്. സംഗീതത്തിന്റെ ടോൺ (tone) ഓരോ ചിത്രത്തെയും ധന്യമാക്കുന്നു. ഉത്കൃഷ്ടമായ സംഗീതം കേൾക്കുമ്പോൾ നമ്മൾ ഹർഷാതിരേകത്തിൽ വീഴുമല്ലോ. സംഗീതത്തിന്റെ ലയവും നാദവും കൊണ്ടുണ്ടാകുന്ന ആഹ്ലാദാതിശയം നമ്പൂതിരിയുടെ ഓരോ ചിത്രവും ജനിപ്പിക്കുന്നു. രാജൻ തിരുവോത്തിന്റെ ലേഖനം രചനാചാതുരി കാണിക്കുന്നില്ലെങ്കിലും ഒരു വലിയ കലാകാരനെക്കുറിച്ച് അദ്ദേഹം എഴുതിയതു് ഉചിതജ്ഞത തന്നെ.

മഹനീയമായ കല


Sherwood Anderson

മഹനീയങ്ങളായ ചെറുകഥകൾ സ്വാതന്ത്ര്യത്തിന്റെ വിശാലാന്തരീക്ഷത്തിലേക്കു പറക്കാൻ അനുവാചകനു ചിറകുകൾ നല്കുന്നു. ഒരു ക്രൈസ്തവ പുരോഹിതൻ പള്ളിയിലെ ബെൽടവറിന്റെ ജന്നലിൽക്കൂടി നോക്കിയപ്പോൾ അടുത്ത വീട്ടിലെ യുവതി സിഗ്‌റ്റ് വലിച്ചു കൊണ്ടു കിടക്കയിൽ കിടക്കുന്നതു കണ്ടു. പുരോഹിതൻ ഞെട്ടിയെങ്കിലും അവളുടെ മനോഹരമായ കഴുത്തിൽ നിന്നും തോളുകളിൽ നിന്നും അയാൾക്കു കണ്ണെടുക്കാൻ കഴിഞ്ഞില്ല. തണുപ്പു കാലത്ത് അയാൾ ജന്നലിലെ കണ്ണാടിയിൽ ദ്വാരമുണ്ടാക്കി അവളെ അതിലൂടെ കൂടക്കൂടെ നോക്കും. ആഗ്രഹത്തെ അമർത്തി വയ്ക്കാൻ അയാൾക്കു കഴിഞ്ഞില്ല. വികാരരഹിതയായ, തടിച്ച ഒരുത്തിയായിരുന്ന പുരോഹിതന്റെ ഭാര്യ. തണുപ്പ് വളരെക്കൂടിയ ഒരു രാത്രിയിൽ യുവതി തികച്ചും നഗ്നയായി കിടക്കയിൽ മുഖം അമർത്തി നിലവിളിച്ചു കൊണ്ടു പ്രാർത്ഥിക്കുന്നതു് അയാൾ കണ്ടു. പള്ളിയിലെ stained-glass ജനലിൽ ചിത്രീകരിച്ച ക്രിസ്തുവിന്റെ പാദങ്ങൾക്കു അടുത്തു കിടന്ന കുട്ടിയെപ്പോലെ ആയിരുന്നു അവൾ. ഉന്മാദമാർന്ന പുരോഹിതൻ ജന്നൽക്കണ്ണാടിയാകെ കൈകൊണ്ട് ഇടിച്ചു പൊട്ടിച്ചിട്ട് ഒരു വർത്തമാനപ്പത്രത്തിന്റെ ആപ്പീസിലേക്ക് ഓടിച്ചെന്ന് അവിടെ ഉണ്ടായിരുന്ന ഒരാളോടു പറഞ്ഞു ഈശ്വരൻ നഗ്നയായ യുവതിയായി അയാളുടെ മുൻപിൽ അവതരിച്ചെന്ന്, രക്തമൊഴുകുന്ന ചുരുട്ടിയ കൈ ഉയർത്തിക്കാണിച്ച് അയാൾ പറഞ്ഞു താൻ മോചനം നേടിയെന്ന് (Sherwood Anderson എഴുതിയ The Strength of God എന്ന ചെറുകഥ). ഒരു ലൈംഗിക നാടകത്തിലൂടെ ഒരുത്തന്റെ മോചനം ചിത്രീകരിക്കുന്ന ഇക്കഥ വായിക്കുന്ന നമുക്കും മോചനമുണ്ടാകുന്നു. ഇതാണ് ഉത്കൃഷ്ടമായ കല.

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.